തദ്ദേശസ്വയം ഭരണ വകുപ്പ്- കാലവർഷക്കെടുതി – ആസ്തികളുടെ പുനർനിർമ്മാണ പ്രവൃത്തികളും മെയിന്റനൻസ് പ്രവൃത്തികളും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ).നം.2313/2018/തസ്വഭവ തിരുവനന്തപുരം, തീയതി: 23-08-2018

പരാമർശം:
1. 10.08.2018 ലെ സ.ഉ (സാധാ) നം.2221/2018/ത.സ്വ.ഭ.വ
2. 16.08.2018 ലെ സ.ഉ (സാധാ) നം.2262/2018/ത.സ്വ.ഭ.വ
3. 17.08.2018 ലെ സ.ഉ (സാധാ) നം.2267/2018/ത.സ്വ.ഭ.വ
4. 19.08.2018 ലെ സ.ഉ (സാധാ) നം.2288/2018/ത.സ്വ.ഭ.വ
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുട 13.08.2018 ലെ യോഗ തീരുമാനം
6. ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21/08/2018 ന് ചേർന്ന യോഗതീരുമാനം

**ഉത്തരവ്**

മഴക്കെടുതിയെ തുടർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുവാൻ തനത്ഫണ്ട് വിനിയോഗിക്കുന്നതിനും അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി പരാമർശം 1, 2 എന്നിവ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. കൂടാതെ, പ്രളയബാധിത പ്രദേശങ്ങളിൽ സ്വീകരിക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച നടപടികളും ഉപയോഗയോഗ്യമല്ലാതായി തീർന്ന വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവ ശുചിയാക്കി ഉപയോഗയോഗ്യമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളും വിശദമാക്കി പരാമർശം 3, 4 എന്നിവ പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

2) പൂർണ്ണമായോ ഭാഗീകമായോ തകർന്ന റോഡുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തേണ്ട സാഹചര്യം നേരിടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ അവയുടെ നടപ്പ് വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് അനുമതി നൽകേണ്ടതുണ്ടെന്ന് 2018 ആഗസ്റ്റ് 21-ന് തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

1. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തികളിൽ പ്രളയക്കെടുതി കാരണം അറ്റകുറ്റപ്പണിയോ പുനർനിർമ്മാണമോ വാങ്ങലോ ആവശ്യമായ എല്ലാ ആസ്തികളുടെയും വിവരങ്ങൾ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ, വികസന

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ബന്ധപ്പെട്ട എഞ്ചിനീയർ, സെക്രട്ടറി എന്നിവർ സംയുക്തമായി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

2. ഇപ്രകാരം തയ്യാറാക്കുന്ന പ്രവൃത്തികളുടെ പട്ടികയിൽ നിന്നും അടിയന്തിര സ്വഭാവത്തോടെ നടപ്പാക്കേണ്ട പ്രവൃത്തികൾ 2018-19 വാർഷിക പദ്ധതിയുടെ ഭാഗമാക്കാവുന്നതും അതിന് നടപ്പ് വാർഷിക പദ്ധതി ഭേദഗതി ചെയ്യാവുന്നതുമാണ്. റോഡുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പുനർനിർമ്മാണം, അറ്റകുറ്റപ്പണി എന്നിവയ്ക്കുള്ള പ്രോജക്ടുകൾ പുതുതായി ഏറ്റെടുക്കാവുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ കേടായ ഉപകരണങ്ങൾ/ സാമഗ്രികൾ റിപ്പയർ ചെയ്യുന്നതിനും പുതിയവ വാങ്ങുന്നതിനും ഉള്ള പ്രോജക്ടുകളും ഏറ്റെടുക്കാവുന്നതാണ് (ഉദാ: അംഗൻവാടികളിലെ കളിക്കോപ്പുകൾ, മറ്റ് ഉപകരണങ്ങൾ മുതലായവ). പുതിയ റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല.

3. അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ മാത്രം ഇപ്പോൾ ഏറ്റെടുക്കേണ്ടതും അല്ലാത്തവ അടുത്ത വർഷത്തേക്ക് മാറ്റേണ്ടതുമാണ്.

4. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തികളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ അതത് തലത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മാത്രമേ ഏറ്റെടുക്കാൻ പാടുള്ളു. എന്നാൽ, ഗ്രാമപ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് വേണ്ട വിഹിതം ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും ഗ്രാമപഞ്ചായത്തിന് കൈമാറാവുന്നതാണ്. മതിയായ വിഹിതം ഗ്രാമപഞ്ചായത്തിന് ലഭ്യമല്ലെങ്കിൽ, ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടുകൂടി മാത്രം ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തിന്റെ റോഡ് ഉൾപ്പെടെയുള്ള ആസ്തികളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെ അടങ്കൽ തുകയ്ക്ക് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ പരിധിയും ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നടപ്പാക്കുന്ന റോഡ് പ്രവൃത്തികൾക്ക് ഉണ്ടാകേണ്ട വീതി സംബന്ധിച്ച കുറഞ്ഞ പരിധിയും ഇത്തരം പ്രവൃത്തികളുടെ കാര്യത്തിൽ ബാധകല്ല.

5. ഖണ്ഡിക 2-ൽ പ്രതിപാദിച്ചിട്ടുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കു ന്നതിന് താഴെ പറയുന്ന മാർഗങ്ങളിലൂടെ ലഭ്യമാകുന്ന വിഹിതം മേഖലാ നിബന്ധനകൾക്ക് വിധേയമായി ഉപയോഗിക്കണം.

   (i) ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചതോ വെറ്റിംഗ് ഓഫീസർ അനുമതി നിരസിച്ചതോ സാങ്കേതികാനുമതി ലഭിക്കാത്തതോ ആയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിലൂടെ ലഭിക്കുന്ന വിഹിതം

   (ii) സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെയുള്ള പ്രോജക്ടുകൾ ഒഴിവാക്കുന്നതിലൂടെ ലഭിക്കുന്ന വിഹിതം.

   (iii) ടെണ്ടർ സേവിംഗ്സ്

   (iv) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും പ്രോജക്ട് എം.പിയുടെ പ്രത്യേക വികസന പരിപാടി, എം.എൽ.എ യുടെ പ്രത്യേക വികസന ഫണ്ട്, കേന്ദ്ര/ സംസ്ഥാന പദ്ധതികൾ തുടങ്ങിയ മറ്റ് പരിപാടികളുടെ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുകയാണെങ്കിൽ പ്രസ്തുത പ്രോജക്ട് ഉപേക്ഷിക്കുന്നതിലൂടെ ലഭിക്കുന്ന വിഹിതം.

(v) സ്ഥലം ലഭിക്കാതിരിക്കുകയോ കോടതി കേസുകൾ കാരണമോ നിർവഹണം ആരംഭിക്കാൻ കഴിയുന്നില്ലെങ്കിൽ പ്രസ്തുത പ്രോജക്ട് ഉപേക്ഷിക്കുന്നതിലൂടെ ലഭിക്കുന്ന വിഹിതം.

(vi) മികച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പ്രത്യേക ധനസഹായം (പൊതു വിഭാഗം വികസനഫണ്ട് വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള ഈ തുകയ്ക്ക് മേഖലാ നിബന്ധനകൾ ബാധകമല്ല.)

(vii) അനിവാര്യമായി നടപ്പാക്കേണ്ടതും കരാറിൽ ഏർപ്പെട്ടതുമായ പ്രോജക്ടുകൾ ഒഴികെ തൽക്കാലം നടപ്പാക്കേണ്ടതില്ലെന്ന് ഭരണസമിതി കണ്ടെത്തുന്ന പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിലൂടെയോ പ്രോജക്ടുകളുടെ അടങ്കൽ തുക കുറവ് ചെയ്യുന്നതിലൂ ടെയോ ലഭിക്കുന്ന വിഹിതം.

6. പൂർണ്ണമായും തകർന്ന കെട്ടിടങ്ങളുടെ പുനർനിർമ്മാണത്തിന് ഇപ്പോഴത്തെ സവിശേഷ സാഹചര്യം പരിഗണിച്ച് നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കുവാൻ പ്രത്യേക അനുമതി നൽകുന്നു. അതുപോലെ പൂർണ്ണമായും തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിന് റോഡ് മെയിന്റനൻസ് ഫണ്ടും ഉപയോഗിക്കാവുന്നതാണ്.

7. പ്രളയക്കെടുതി കാരണം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണിക്കും പുനർനിർമ്മാണ ത്തിനും ഉള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ആവശ്യമെങ്കിൽമാത്രം എല്ലാ തലത്തിലേയും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നോൺറോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും 40 ശതമാനം വരെ റോഡ് മെയിന്റനൻസിന് ഉപയോഗിക്കാ വുന്നതാണ്.

8. മേൽപറഞ്ഞ മാർഗങ്ങളിലൂടെ മതിയായ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പശ്ചാത്തല മേഖലയിൽ ഗ്രാമപഞ്ചായത്തുകൾക്ക് 40 ശതമാനം വരെയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 35 ശതമാനം വരെയും ജില്ലാ പഞ്ചായത്തുകൾക്ക് 50 ശതമാനം വരെയും നഗര സഭകൾക്ക് 55 ശതമാനം വരെയും തുക ഈ വർഷത്തേയ്ക്ക് മാത്രം വകയിരുത്താവു ന്നതാണ്. ഉല്പാദന മേഖലയുടെ കുറഞ്ഞ വിഹിതം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ 20 ശതമാനമായും ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ 25 ശതമാനമായും കുറവ് ചെയ്യാവുന്നതാണ്.

9. അടിയന്തിര പ്രവൃത്തികൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുവേണ്ടി നടത്തുന്ന ഭേദഗതിയോടൊപ്പം താഴെ പറയുന്ന കൂട്ടിച്ചേർക്കലുകളും ഭേദഗതികളും കൂടി വാർഷിക പദ്ധതിയിൽ വരുത്താവുന്നതാണ്.

(i) അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഹോണറേറിയം, ഇ.എം. എസ് ഭവന പദ്ധതി വായ്പാ തിരിച്ചടവ്, അമൃത് (AMRUT) പദ്ധതിക്കുള്ള തിരിച്ചടവ് എന്നിവയുമായി ബന്ധപ്പെട്ട ട്രാൻസ്ഫർ ക്രെഡിറ്റുകൾ ചെലവ് കണക്കിനത്തിൽ ഉൾപ്പെടുത്തൽ [സ.ഉ(സാ.ധാ)നം.6345/2018/ധന; തീയതി 25.07.2018].

(ii) എസ്.സി.എസ്.പി, ടി.എസ്.പി പ്രോജക്ടുകൾക്ക് സോഷ്യൽമാപ്പും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ലഭിക്കാതെ വന്നാൽ പകരം പുതിയ പ്രോജക്ട് (പട്ടികജാതി വികസന ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം)

(iii) കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ തദ്ദേശഭരണ സ്ഥാപനം വിഹിതം വകയിരുത്തു ന്നതിനുള്ള പ്രോജക്ട് (നിലവിലുള്ള പ്രോജക്ടിന്റെ വിഹിതം വർദ്ധിപ്പിക്കുകയും ആകാം)

(iv) അഗതി രഹിത കേരളം പ്രോജക്ടിന് മതിയായ വിഹിതം വകയിരുത്തുക

(v) സർക്കാർ നിർദ്ദേശ പ്രകാരം ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ (ഉദാ: ശുചീകരണ പ്രവർത്തനങ്ങൾ)

(vi) 02.05.2018 ലെ ഡി.എ 1/439/2018/തസ്വഭവ സർക്കുലർ പ്രകാരം കാറ്റഗറി-2 ൽ വരേണ്ട സ്പിൽ ഓവർ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക, കാറ്റഗറി 1 ൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്ന സ്പിൽ ഓവർ പ്രോജക്ടുകൾ കാറ്റഗറി 2-ലേക്ക് മാറ്റുക മുതലായവ

(vii) ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂട്ടിച്ചേർത്ത് ഗ്രാമപഞ്ചായത്തുകളുടെ ലൈഫ് മിഷൻ പ്രോജക്ടുകൾ പരിഷ്കരിക്കൽ

(viii) സ്വച്ഛ് ഭാരത് മിഷൻ അഭിയാൻ പ്രകാരം ശുചിത്വ മിഷനിൽ നിന്നും ലഭിച്ച വിഹിതം ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കൽ (ശുചിത്വ പ്രോജക്ടുകൾക്ക് വിനിയോഗിക്കേണ്ടതാണ്)

10. പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് ഉൾപ്പെടെ ഈ ഉത്തരവ് പ്രകാരമുള്ള വാർഷിക പദ്ധതി ഭേദഗതി സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും (പ്രോജക്ട് വെറ്റിംഗ് ഉൾപ്പെടെ) പൂർത്തിയാക്കി പരിഷ്കരിച്ച വാർഷിക പദ്ധതി 2018 സെപ്റ്റംബർ 15 -നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**പാറ്റ്സി സ്റ്റീഫൻ**

ജോയിന്റ് സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ
2. നഗരകാര്യ ഡയറക്ടർ
3. ഗ്രാമ വികസന കമ്മീഷണർ
4. എല്ലാ ഗ്രാമപഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. എല്ലാ നഗരസഭാ അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
6. എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
7. എല്ലാ ബ്ലോക്ക് പഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
8. എല്ലാ ജില്ലാ പഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും
9. എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
10. എല്ലാ ജില്ലാ കളക്ടർമാർക്കും
11. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
12. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
13. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ ഇന്നുതന്നെ പ്രസിദ്ധപ്പെടുത്തുന്നതിന്)
14. ഡയറക്ടർ, ഐ&പി.ആർ.ഡി/വെബ് & ന്യൂ മീഡിയ (വ്യാപകമായ പ്രസിദ്ധീകരണത്തിന്)
15. കരുതൽ ഫയൽ/ഓഫീസ് കോപ്പി)

പകർപ്പ്

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
4. തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎസ്സ്
5. തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎസ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ